നമ്പർ 153/2015

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും, വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

മലങ്കര മെത്രാപ്പോലീത്തായും, കോട്ടയം എം. ഡി. സെമിനാരി, പരുമല സെമിനാരി എന്നിവ ഉൾപ്പെടെ അനേക സ്ഥാപനങ്ങളുടെ സ്ഥാപകപിതാവുമായ "**സഭാ തേജസ്സ്**" പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്ന മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ 105-ാം ഓർമ്മപ്പെരുന്നാൾ 2015 ജൂലൈ 12, 13 (ഞായർ, തിങ്കൾ) തീയതികളിൽ ആ ശ്രേഷ്ഠപിതാവ് അന്ത്യവിശ്രമം കൊള്ളുന്ന നമ്മുടെ പഴയ സെമിനാരി ചാപ്പലിൽ ഭക്തിപൂർവ്വം ആഘോഷിക്കുകയാണ്.

പെരുന്നാളിനോടനുബന്ധിച്ച് 12-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് നടത്തപ്പെടുന്ന സന്ധ്യാനമസ്കാരത്തിലും ഭക്തി നിർഭരമായ പ്രദക്ഷിണത്തിലും, 13-ാം തീയതി തിങ്കളാഴ്ച രാവിലെ നടത്തപ്പെടുന്ന വി. മൂന്നിന്മേൽ കുർബ്ബാനയിലും എല്ലാവരും നേർച്ചകാഴ്ചകളോടു കൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം ഓർമ്മിപ്പിക്കുന്നു. പെരുന്നാൾ ചടങ്ങുകൾ നമ്മുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും സഹോദര മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെടുന്നതാണ്. പ്രതിസന്ധികൾ ഏറെ നേരിടേണ്ടിവന്ന സാഹചര്യങ്ങളിലും ഉത്തമ ദൈവാശ്രയബോധത്തോടെ പ. സഭയ്ക്ക് സുധീരമായ നേതൃത്വം നൽകിയ ആ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ഭക്ത്യാദരപൂർവ്വം ആഘോഷിക്കുവാൻ നമുക്ക് ഏവർക്കും കടമയുണ്ട് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പെരുന്നാളിനോടനുബന്ധിച്ച് വിവിധ ഇടവകകളിൽ നിന്ന് തീർത്ഥാടകരായി എത്തുന്ന ആളുകളുടെ എണ്ണം പഴയ സെമിനാരി മാനേജർ എം. സി. കുര്യാക്കോസ് കത്തനാരെ നേരത്തെ തന്നെ അറിയിക്കുന്നത് സൗകര്യപ്രദമായിരിക്കും.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2015 ജൂൺ മാസം 24-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.